E3/18226/15

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി :07-05-2015

## പരിപത്രം

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - സൂപ്പർവൈസർ - തസ്തികയിലെ - 'ജീവനക്കാരുടെ' - വിശദാംശം - ശേഖരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- സർക്കാർ ഉത്തരവ് (പി) നമ്പർ 78/എസ്.ജെ.ഡി/2012 തീയതി :- 27-12-2012

സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വകുപ്പിന്റെ വിശേഷാൽ ചട്ടം അനുസരിച്ച് സൂപ്പർവൈസർ തസ്തികയുടെ നിയമനം 01-01-2014 മുതൽ 58:29:11:2 എന്ന അനുപാതത്തിലാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

വിവിധ വിഭാഗങ്ങൾക്ക് മുൻകാലങ്ങളിൽ ഉയർന്ന അനുപാതം നിശ്ചയിക്കുകയും കരാർ അടിസ്ഥാനത്തിൽ തുടർന്നു വന്നിരുന്നവരെ വിവിധ വിഭാഗങ്ങളിൽ ഉൾപ്പെടുത്തി സർക്കാർ റഗുലറൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ പ്രസ്താവിച്ച സാഹചര്യത്തിൽ വിശേഷാൽ ചട്ടം അനുശാസിക്കും വിധം ഓരോ വിഭാഗത്തിനുമുള്ള തസ്തികകൾ നിശ്ചയിച്ച് പ്രസ്തുത വിഭാഗങ്ങളിൽ തുടരുന്നവരെ ക്രമീകരിച്ച് ഓരോ വിഭാഗത്തിനുമുള്ള ഒഴിവുകൾ കണ്ടെത്തേണ്ടതും വിശേഷാൽ ചട്ടം അനുസരിച്ചുള്ള കേഡർ സ്ട്രെങ്ത് പരിപാലിക്കേണ്ടതും അനിവാര്യവുമാണ്.

ടി സാഹചര്യത്തിൽ സൂപ്പർവൈസർ തസ്തികയിൽ നിലവിൽ ജോലി നോക്കിവരുന്ന ജീവനക്കാരുടെ ലഭ്യമായ വിശദാംശങ്ങൾ അതാത് വിഭാഗങ്ങളിലെ അനുപാതത്തിന് വിധേയമായി 3 വിഭാഗങ്ങളിലായി ക്രമീകരിച്ച വിശദവിവരം അന്യത്ര ചേർത്തിരിക്കുന്നു.

ടി പട്ടികയിൽ ഉൾപ്പെടാത്തതും നിലവിൽ ജോലിയിൽ തുടരുന്നവരുമായ ജീവനക്കാരുണ്ടെങ്കിൽ ആയതും ജീവനക്കാരുടെ വിശദാംശങ്ങളിൽ ഇരട്ടിപ്പ് എന്തെങ്കിലുമുണ്ടെങ്കിൽ ആയതും ക്രമീകരണം നടത്തിയിട്ടുള്ള വിഭാഗം മാറിയിട്ടുണ്ടെങ്കിൽ ടി വിവരവും പ്രസിദ്ധീകരിച്ചിട്ടുള്ള പട്ടികയിൽ രേഖപ്പെടുത്തി ഈ കാര്യാലയത്തിൽ ഇ-മെയിൽ മുഖേനയും അയയ്ക്കേണ്ടതും പകർപ്പ് അയച്ചു തരേണ്ടതുമാണ്. [illegible] ദീർഘകാല അവധി/ഡെപ്യൂട്ടേഷൻ എന്നിവ സംബന്ധിച്ച് വിവരവും അതാത് കാര്യാലയ മേധാവികൾ പ്രസ്തുത പട്ടികയിൽ രേഖപ്പെടുത്തേണ്ടതാണ്.

ജില്ലാ/ഓഫീസ് തല ക്രമത്തിൽ തിരിച്ചിട്ടുള്ള പ്രസ്തുത പട്ടിക ജീവനക്കാരുടെ സേവന പുസ്തകവുമായി പരിശോധിച്ച് ഭേദഗതി ചെയ്യുന്നതിന് ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും ആയത് 7 ദിവസത്തിനകം ലഭ്യമാക്കേണ്ടതുമാണ്. ഈ പരിപത്രത്തിലെ സമയപരിധി എല്ലാ ഉദ്യോഗസ്ഥരും പാലിക്കേണ്ടതുമാണ്.

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാസാമൂഹ്യനീതി ഓഫീസർമാർക്കും
എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും